**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ്- കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ ഒഴിവുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എറണാകുളം റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.അഖിലേന്ദു.എസ് -ന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.124/2025/ENVT തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. കേരള സംസ്ഥാന ജൈവവൈവിധ്യ അനുമതിബോർഡ് മെമ്പർ സെക്രട്ടറിയുടെ 25-09-2025 തീയതിയിലെ നം. എ2/152/2025/ കെ.എസ്.ബി.ബി നമ്പർ കത്ത്.
2. ലേബർ കമ്മീഷണറുടെ 01.09.2025 അനുമതിതീയതിയിലെ എൽ.സി.ഒ/2381/2025- ഇ(7) നമ്പർ നിരാക്ഷേപ പത്രം.

**ഉത്തരവ്അനുമതി**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിലവിൽ ഒഴിവുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം അനുവദിക്കുന്നതിന് എറണാകുളം റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണറുടെ കാര്യാലത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. അഖിലേന്ദു.എസ് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, ലേബർ കമ്മീഷണറുടെ നിരാക്ഷേപപത്രം സഹിതം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിലവിൽ ഒഴിവുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എറണാകുളം റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണറുടെ കാര്യാലത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.അഖിലേന്ദു.എസ് -ന് നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷക്കാലയളവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീമതി.അഖിലേന്ദു.എസ്-ന് പ്രൊമോഷൻ ലഭിക്കുകയോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാരിയുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. ലേബർ കമ്മീഷണറുടെ കാര്യാലയം, വികാസ് ഭവൻ പി ഒ, പി എം ജി, തിരുവനന്തപുരം.
3.ശ്രീമതി.അഖിലേന്ദു.എസ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണറുടെ കാര്യാലയം, എറണാകുളം (ലേബർ കമ്മീഷണർ മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ENVT-A1/231/2025-ENVT )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Royi J
Date: 16-12-2025 15:54:23